പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2371 — 18.12.2012 ൽ മറുപടി പറയേണ്ടിയിരുന്നത്

## നികുതി കുടിശ്ശിക പിരിക്കുന്ന നടപടി

| ചോദ്യം<br>ശ്രീ. സാജുപോൾ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ആഡംബര നികുതി, വില്പന നികുതി, കാർഷികാദായ നികുതി, മോട്ടോർ വാഹന നികുതി തുടങ്ങി ഏതെല്ലാം നികുതികളുടെയും ലീസ്റെന്റുകളുടെയും കുടിശ്ശിക യായ ഇനത്തിൽ എന്തു തുക വീതം പിരിഞ്ഞ് കിട്ടാനായിട്ടു ണ്ടെന്ന് വിശദമാക്കുമോ; | (എ) | ആഡംബര നികുതി, വില്പന നികുതി, കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ 5458.64 കോടി രൂപ കുടിശ്ശികയുണ്ട്. മോട്ടോർ വാഹന നികുതി യിനത്തിൽ 30.03.2012 വരെയുള്ള മൊത്തം കുടിശ്ശിക 596,38,46,208/- രൂപയാണ്. ഇതിൽ കെ.എസ്.ആർ.ടി.സി യുടെ മാത്രം നികുതി കുടിശ്ശിക 409,65,68,053/- രൂപയാണ്. ലീസ്റെന്റ് ഉൾപ്പെട്ട് വരുന്ന LROBT (Land Revenue Other than Basic Tax) ഇനത്തിൽ 1848.74 ലക്ഷം രൂപ കുടിശ്ശിക യുണ്ട്. |
| (ബി) | ഈ ഇനത്തിൽ കുടിശ്ശിക പിരിച്ചെടുക്കാനുള്ള എന്തെങ്കിലും നടപടിക്ക് സ്റ്റേ നൽകുകയുണ്ടാ യോ; എങ്കിൽ സ്റ്റേ നൽകിയതു മൂലം പിരിച്ചെടുക്കാൻ സാധിക്കാ തെപോയ മൊത്തം തുക എത്ര യെന്നറിയിക്കുമോ? | (ബി) | ഉണ്ട്. ആഡംബര നികുതി, വില്പന നികുതി കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ 1317.57 കോടി രൂപയും മോട്ടോർ വാഹന നികുതിയിനത്തിൽ 21,71,729/- രൂപയും ലീസ്റെന്റ് ഉൾപ്പെട്ട് വരുന്ന LROBT (Land Revenue Other than Basic Tax) ഇനത്തിൽ 4403.78 ലക്ഷം രൂപയും സ്റ്റേ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ